നം.ജി1/2108/2014/ട്രാ.ക.

ടെലിഫോൺ: 0471-2333314
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
ട്രാൻസ് ടവർ, വഴുതക്കാട്
തൈക്കാട് പി.ഒ.
തിരുവനന്തപുരം-695014

തീയ്യതി: 01/03/2014

# നോട്ടീസ്

വിഷയം:- മോ.വാ.വ. - വകുപ്പുതല സർവ്വീസ് സംഘടനകൾ പൊതുപെരുമാറ്റചട്ടങ്ങൾ ലംഘിക്കുന്നതു സംബന്ധിച്ച്

സൂചന:- 1. 17/01/2014 ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി.) നം.32/2014/ട്രാൻസ്
2. വിവിധ മാധ്യമ റിപ്പോർട്ടുകൾ

സൂചന ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ സംഘടനകളിൽ ഒന്നായ കേരള മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെൻറ് ഗസറ്റഡ് ആഫീസേഴ്സ് അസോസിയേഷനേയും ടി സംഘടനയുടെ നിലവിലെ പ്രസിഡൻറിനേയും 1960 ലെ കേരള സർക്കാർ ഉദ്യോഗസ്ഥന്മാരുടെ പൊതുപെരുമാറ്റചട്ടങ്ങൾ ലംഘിച്ചതിനു സർക്കാർ തലത്തിൽ ശക്തമായി താക്കീതു നൽകിയിരുന്നു. എന്നാൽ ടി ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷവും വകുപ്പുതല പ്രവർത്തനങ്ങളെപ്പറ്റി പ്രത്യേകിച്ചും ഭരണപരവും നയപരവുമായ വിഷയങ്ങളിൽ അടിസ്ഥാനരഹിതമായ പരാതികളും ആക്ഷേപങ്ങളും വിവിധ മാധ്യമങ്ങൾ വഴി പ്രത്യക്ഷപ്പെടുന്നതിൻെറ വെളിച്ചത്തിൽ താഴെപറയുന്നതായ കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു:

1. 1960 ലെ കേരള സർക്കാർ ഉദ്യോഗസ്ഥന്മാരുടെ പൊതു പെരുമാറ്റ ചട്ടങ്ങളിലെ ചട്ടങ്ങൾ 77 (ബി) പ്രകാരം സർവ്വീസ് സംഘടനകൾ സർക്കാരിൻെറ മുൻകൂട്ടിയുള്ള അനുമതി കൂടാതെ മാധ്യമങ്ങൾ വഴി സംഘടനയുടെ അംഗങ്ങളുടെയടക്കമുള്ള പരാതികളോ മറ്റിതരകാര്യങ്ങളോ ആക്ഷേപങ്ങളോ പ്രസിദ്ധീകരിക്കുവാൻ പാടുള്ളതല്ല.
2. സർക്കാർ ഉദ്യോഗസ്ഥന്മാരുടെ പൊതുപെരുമാറ്റ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുവാൻ പാടുള്ളതല്ല.
3. സർക്കാർ വ്യക്തമാക്കാത്ത മാർഗ്ഗങ്ങളിലൂടെ അപേക്ഷകളോ/പരാതികളോ/ ആക്ഷേപങ്ങളോ ലഭ്യമാക്കുവാൻ പാടുള്ളതല്ല.
4. സംഘടനകൾക്ക് നിഷ്കർഷിച്ചിട്ടുള്ള പ്രവർത്തന വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച്ച സംഭവിച്ചാൽ അത്തരത്തിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ അംഗീകാരം സർക്കാർ റദ്ദുചെയ്യുന്നതാണ്.

ഈ വകുപ്പിലെ വിവിധ വകുപ്പുതല പ്രവർത്തനങ്ങൾ എല്ലാ വിഭാഗം ജീവനക്കാരുടേയും ഒത്തൊരുമയോടും കൂട്ടായ്മയോടുമുള്ള പ്രവർത്തനങ്ങളാൽ ആക്ഷേപങ്ങൾക്കിടവരുത്താതെ പ്രശംസനീയരീതിയിൽ മുന്നോട്ടു പോയ്ക്കോണ്ടിരിക്കുകയാണ്. എന്നാൽ ടി പ്രവർത്തനങ്ങൾക്ക് ഭംഗംവരത്തക്കവിധത്തിൽ പ്രത്യേകിച്ചും ഔദ്യോഗിക കൃത്യനിർവ്വഹണം പ്രശംസനീയമായ രീതിയിൽ നിർവ്വഹിക്കുന്ന ജീവനക്കാരുടെ മനോവീര്യം തച്ചുടയ്ക്കത്തക്ക വിധത്തിൽ വിവിധ മാധ്യമങ്ങളിൽ അടുത്തയിടയായി പ്രത്യക്ഷപ്പെടുന്ന വാർത്തകൾ പ്രത്യേകിച്ചും തെറ്റായവാർത്തകൾ വകുപ്പുതല പ്രവർത്തനങ്ങളെ പിറകോട്ട് വലിക്കുന്നു. ഈ വകുപ്പിലെ ജീവനക്കാർക്ക് അർഹമായിലഭ്യമാക്കേണ്ട എല്ലാ ആനുകൂല്യങ്ങളും സുതാര്യമായും കാലതാമസം കൂടാതെയും നിയമപരവും നീതിപരവുമായി ലഭ്യമാക്കുന്നതിനുള്ള എല്ലാ നടപടികളും വകുപ്പുതലവൻെറ ആഫീസായ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നിന്നും കൈകൊണ്ടിട്ടുണ്ട് എന്നുറപ്പാക്കേണ്ട ബാധ്യത വകുപ്പുതലവൻ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമാണ്. ടി പ്രവർത്തനങ്ങളിൽ എന്തെങ്കിലും അഭിപ്രായമോ ആക്ഷേപമോ പരാതിയോ ഉള്ളപക്ഷം ടി വിവരം ഈ ആഫീസിൽ ലഭ്യമാക്കുന്നതിനുള്ള എല്ലാ സംവിധാനവും നിലനിൽക്കുന്നുണ്ടെന്നും

താങ്കൾക്കറിയാമല്ലോ. എന്നാൽ ഇത്തരത്തിൽ വകുപ്പിൽ നടക്കുന്ന വകുപ്പുതല പ്രവർത്തനങ്ങൾ തെറ്റായരീതിയിൽ ചിത്രീകരിച്ച് ഉദ്യോഗസ്ഥന്മാരെ വ്യക്തിപരമായിപോലും അധിക്ഷേപിക്കത്തക്കരീതിയിൽ മാധ്യമങ്ങൾ വഴി വാർത്തകൾ പുറപ്പെടുവിപ്പിക്കുന്നതിന്റെ ഉറവിടം ഉത്തരവാദിത്വപ്പെട്ട സംഘടനയുടെ ആഫീസ് നിയന്ത്രണാധികാരി എന്ന നിലയിൽ താങ്കൾക്കറിവുള്ളതാണല്ലോ. താങ്കളുൾപ്പെടെയുള്ള അധികാരികളുടെ അറിവോടുകൂടിയുള്ള ഇത്തരം പ്രവർത്തനങ്ങൾ മുകളിൽ രേഖപ്പെടുത്തിയതുപോലെ സംഘടനാ സ്വാതന്ത്ര്യത്തിനു വിപരീതവും വകുപ്പുതല ശോഷണത്തിനുതകുന്നതുമാണ്. ആയതിനാൽ ഇത്തരം പ്രവർത്തനങ്ങൾ അനുവദിക്കുന്നത് പൊതുതാൽപ്പര്യത്തിനെതിരും ചട്ടങ്ങളുടെ നഗ്ന ലംഘനവുമാണ്.

മുകളിൽ പറയുന്നതായ വസ്തുതകൾ ഉൾകൊണ്ടുകൊണ്ട് വകുപ്പുതല പ്രവർത്തനങ്ങളിൽ അനാവശ്യമായി ഇടപെടരുതെന്നും തെറ്റായ വിവരങ്ങൾ മാധ്യമങ്ങൾവഴിയും മറ്റിതര മാർഗ്ഗങ്ങളിലൂടെയും പ്രസിദ്ധീകരിക്കുകയോ ആയതിനുകൂട്ടുനിൽക്കുകയോ ചെയ്യുന്നില്ലായെന്ന് സർവ്വീസ് സംഘടനയുടെ ഉത്തരവാദിത്വപ്പെട്ട പ്രതിനിധിയെന്ന നിലയിൽ താങ്കൾ ഉറപ്പാക്കണമെന്നും ഇതിനാൽ അറിയിക്കുന്നു.

ആയതിൽ വീഴ്ച്ച സംഭവിക്കുകയാണെങ്കിൽ മറ്റൊരറിയിപ്പുകൂടാതെ 1960-ലെ കേരള സർക്കാർ ഉദ്യോഗസ്ഥന്മാരുടെ പൊതുപെരുമാറ്റച്ചട്ടങ്ങളിലെ വ്യവസ്ഥകളുടെ ലംഘനമായി കണക്കാക്കി ടി സംഘടനയുടെ അംഗത്വം റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള വകുപ്പുതല നടപടികൾ കൈക്കൊള്ളുന്നതാണെന്നും താങ്കളെ അറിയിക്കുന്നു.

ഋഷിരാജ് സിംഗ്, ഐ.പി.എസ്.
ട്രാൻസ്പോർട്ട് കമ്മീഷണർ

1. ശ്രീ.ആർ. ശരത് ചന്ദ്രൻ
   ജനറൽ സെക്രട്ടറി
   കേരള മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് ഗസറ്റഡ് ആഫീസേഴ്സ് അസോസിയേഷൻ
   കുറുമ്പെലിൽ ബിൽഡിംഗ്, കൊച്ചുപിലാമൂട്
   കൊല്ലം-1
   ഇമെയിൽ: kmvdgoa@gmail.com
2. ശ്രീ.റ്റി.ജെ. തോമസ്
   പ്രസിഡന്റ്
   കേരള മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് ഗസറ്റഡ് ആഫീസേഴ്സ് അസോസിയേഷൻ
   കുറുമ്പെലിൽ ബിൽഡിംഗ്
   കൊച്ചുപിലാമൂട്
   കൊല്ലം-1
   ഇമെയിൽ: kmvdgoa@gmail.com
3. ശ്രീ.കെ. പ്രഭാകരൻ
   ജനറൽ സെക്രട്ടറി
   കേരള മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് സ്റ്റാഫ് അസോസിയേഷൻ
   ട്രാൻസ് ടവർ, തിരുവനന്തപുരം-695014
4. ശ്രീ.തോമസ് ലൂക്കോസ്
   പ്രസിഡന്റ്
   കേരള മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് സ്റ്റാഫ് അസോസിയേഷൻ
   ട്രാൻസ് ടവർ, തിരുവനന്തപുരം-695014